**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1190** **18-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതികൾ ആരംഭിച്ച് വർഷങ്ങളായിട്ടും പൂർത്തീകരിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ പഞ്ചായത്തുകളിലെയും ഈ പദ്ധതിയുടെ അവസ്ഥ വിശദമാക്കാമോ; പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>നിലമ്പൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി **അനുബന്ധം 1** ആയി ചേർക്കുന്നു.<br><br>നിലമ്പൂർ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ, ഇനി നൽകാനുള്ള കണക്ഷൻ എന്നിവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു.<br><br>നിലമ്പൂർ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കരുളായി, അമരമ്പലം, മൂത്തേടം, ചോക്കാട് ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെയും, ചുങ്കത്തറ, എടക്കര, പോത്തുകല്ല്, വഴിക്കടവ് ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെയും ജലശുദ്ധീകരണശാലയും, ജല സംഭരണിയും നിർമ്മിക്കാനാവശ്യമായ സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. ജൽ ജീവൻ മിഷൻ പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുത്ത് നൽകേണ്ട ചുമതല ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കാണ്.<br><br>2025-26 ലെ കേന്ദ്ര ബജറ്റിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ കാലാവധി 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സമയപരിധിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപന റോഡുകൾ വെട്ടിപൊളിച്ചത് പുനഃസ്ഥാപിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമല്ലാതായി തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം റോഡുകളുടെ പണി | (ബി) | നിലമ്പൂർ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി 403 കി. മീ പഞ്ചായത്ത് റോഡുകൾ കട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 152 കി. മീ റെസ്റ്റോറേഷൻ പൂർത്തീകരിച്ചു, 251 കി. മീ റെസ്റ്റോറേഷൻ ചെയ്യുവാനുണ്ട്. മഴമൂലം റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളിൽ കാലതാമസം |

| | | | |
|---|---|---|---|
| | പൂർത്തീകരിച്ച് പൂർവ്വസ്ഥിതിയിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | നേരിട്ടുവെങ്കിലും പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജൽ ജീവൻ മിഷൻ പദ്ധതിക്കായി പൈപ്പുകൾ സ്ഥാപിച്ചതിനാൽ റോഡുകൾ ഭാഗികമായി ഗതാഗതായോഗ്യമല്ലാതായതിൽ ശ്രദ്ധയിൽപ്പെട്ട റോഡുകൾ താൽക്കാലികമായി പുനരുദ്ധാരണം നടത്തി സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്.<br><br>ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ്ലൈൻ സ്ഥാപിച്ച ഉടൻ തന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| നിലമ്പൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പദ്ധതികളുടെ പുരോഗതി | | | |
|---|---|---|---|
| **ക്രമ നമ്പർ** | **പഞ്ചായത്ത്** | **പ്രവൃത്തിയുടെ പേര്** | **പുരോഗതി** |
| 1 | കരുളായി, അമരമ്പലം, മൂത്തേടം | പാക്കേജ് 1- 12 മീറ്റർ വ്യാസമുള്ള കിണർ, പമ്പിംഗ് മെയിൻ അനുബന്ധപ്രവൃത്തികൾ | 5% പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | | പാക്കേജ് 2- അരക്കംപൊയിൽകുന്ന് ഭാഗത്ത് 37 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം | പഞ്ചായത്ത് സ്ഥലം ലഭ്യമാക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 3 | | പാക്കേജ് 3- അരക്കംപൊയിൽകുന്ന് ഭാഗത്ത് 27 എം.എൽ.ഡി ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം | |
| 4 | | പാക്കേജ് 4- മൂത്തേടം പഞ്ചായത്തിലെ ശ്മശാനം ഭാഗത്ത് 22 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം | |
| 5 | | പാക്കേജ് 5 - ചോക്കാടുള്ള പി.എച്ച് സെൻറർ കേന്ദ്രത്തിൽ 21 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണവും അതിലേക്കുള്ള 350 mm DI ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ വിതരണം ചെയ്ത് സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്ന പ്രവൃത്തി | 45% പൂർത്തീകരിച്ചിട്ടുണ്ട് |
| 6 | | പാക്കേജ് - 6 & 7- അമരമ്പലം പഞ്ചായത്തിലെ TK കോളനി ജംഗ്ഷനിൽ 1.0 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള സംമ്പ്/ഭൂതല ജല സംഭരണിയുടെ നിർമ്മാണവും കമ്മീഷൻ ചെയ്യലും, പാട്ടക്കരിമ്പിൽ 0.50 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, അമരമ്പലം പഞ്ചായത്തിലെ ടി കെ കോളനിയിൽ അസംപ്ഷൻ സ്കൂളിൽ .2 ലക്ഷം ലിറ്റർ ഭൂതലജലസംഭരണി, ചോക്കാട് പഞ്ചായത്തിലെ ചീങ്കക്കല്ല് കോളനിയിൽ 0.2 ലക്ഷം ലിറ്റർ ഭൂതല ജല സംഭരണി, ചോക്കാട് പഞ്ചായത്തിലെ പി | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | എച്ച് സെന്ററിലെ ജല ശുദ്ധീകരണ ശാലയിൽ നിന്നും ഒ എച്ച് ടാങ്കിലേക്ക് 350 എംഎം ഡിഐ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ വിതരണം ചെയ്ത് സ്ഥാപിക്കൽ, പാട്ടക്കരിമ്പ് കോളനിയിലെ ഉന്നതതല ജല സംഭരണിയിലേക്കും അമരമ്പലം, ചോക്കാട് പഞ്ചായത്തുകളിലെ ടികെ കോളനി, അസംപ്ഷൻ സ്കൂൾ, ചീങ്കക്കല്ല് കോളനിയിലെ ഭൂതലസംഭരണിയിലേക്കും 150/100 എംഎം ഡിഐ/ജിഐ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ വിതരണം ചെയ്ത് സ്ഥാപിക്കൽ.<br><br>പാക്കേജ് 12, 13 – റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവ വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും, ഇലക്ട്രിക്കൽ പ്രവൃത്തിയും, കരുളായി, അമരമ്പലം, മൂത്തേടം, ചോക്കാട് പഞ്ചായത്തുകളിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തിയും | |
| 7 | | പാക്കേജ് 8– കരുളായി പഞ്ചായത്തിലെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 64% പൂർത്തീകരിച്ചിട്ടുണ്ട് |
| 8 | | പാക്കേജ് 9– അമരമ്പലം പഞ്ചായത്തിലെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 65 % പൂർത്തീകരിച്ചിട്ടുണ്ട് |
| 9 | | പാക്കേജ് 10– മൂത്തേടം പഞ്ചായത്തിലെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 48% പൂർത്തീകരിച്ചിട്ടുണ്ട് |
| 10 | | പാക്കേജ് 14– നെടുങ്കയം കോളനിയിലേക്ക് വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 11 | അമരമ്പലം | ജൽ ജീവൻ മിഷൻ– ഒന്നാം ഘട്ടം – മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിലെ ARWSS മുതൽ അമരമ്പലം വരെ FHTC കളും ലൈൻ എക്സ്റ്റൻഷനും നൽകുന്നു | പൂർത്തീകരിച്ചു. |
| 12 | ചുങ്കത്തറ | പാക്കേജ്–1C – ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ വിതരണ ശൃംഖല പ്രവർത്തിക്കുന്നു. | 81 % പൂർത്തിയായി |
| 13 | ചുങ്കത്തറ | ചുങ്കത്തറ പഞ്ചായത്തിലെ കുറത്തിമലയിൽ 30 MLD WTP, 32 LL OHSR മുതലായവയുടെ നിർമ്മാണം. | സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 14 | ചുങ്കത്തറ | ചുങ്കത്തറ ജിപി–എച്ച്എൽ സോണിലെ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ (പൈപ്പ് ലൈൻ പാലവും റോഡ് പുനരുദ്ധാരണവും ഉൾപ്പെടെ) | 50 % പൂർത്തിയായി |

| | | | |
|---|---|---|---|
| 15 | ചുങ്കത്തറ | ജൽ ജീവൻ മിഷൻ- ഒന്നാം ഘട്ടം - ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ WSS മുതൽ മലപ്പുറം ജില്ലയിലെ പടിഞ്ഞാറ്റുംപാടം വരെ FHTC കൾ ലഭ്യമാക്കുന്നു. | പൂർത്തീകരിച്ചു. |
| 16 | എടക്കര | ജൽ ജീവൻ മിഷൻ- ഒന്നാം ഘട്ടം - എടക്കര ഗ്രാമപഞ്ചായത്ത്-മലപ്പുറം ജില്ലയ്ക്കായി AWSS മുതൽ എടക്കര വരെ FHTC-കൾ നൽകുന്നു. | പൂർത്തീകരിച്ചു. |
| 17 | എടക്കര | JJM ARWSS മുതൽ എടക്കര വരെ - വാർഡ് 18 ൽ FHTC കൾ നൽകുന്നു (വഴിക്കടവ് പഞ്ചായത്തിലെ മുണ്ട പ്രദേശം) | പൂർത്തീകരിച്ചു. |
| 18 | എടക്കര | - പാക്കേജ്-1A- എടക്കര ഗ്രാമപഞ്ചായത്തിലെ വിതരണ ശൃംഖല പ്രവർത്തിക്കുന്നു. | 81 % പൂർത്തിയായി |
| 19 | എടക്കര | - എടക്കര ജിപിക്കായി എടക്കരയിൽ 18 എൽഎൽ ഒഎച്ച്എസ്ആറിന്റെ നിർമ്മാണവും WTP മുതൽ ഈ ഒഎച്ച്എസ്ആർ വരെയുള്ള ഗ്രാവിറ്റി മെയിനും. | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 20 | പോത്തുകല്ല് | മലപ്പുറം ജില്ലയിലെ ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് ഗ്രാമപഞ്ചായത്തുകളിലേക്കുള്ള ജൽ ജീവൻ മിഷൻ (ജെജെഎം)-ഡബ്ല്യുഎസ്എസ്-പാക്കേജ്-1B - പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ വിതരണ ശൃംഖല | 85 % പൂർത്തിയായി |
| 21 | പോത്തുകല്ല് | പോത്തുകല്ല് ജിപിക്കും WTP മുതൽ ഈ OHSR-കളിലേക്കുള്ള ഗ്രാവിറ്റി മെയിനിനുമായി പോത്തുകല്ലിൽ 9LL, 6LL & 8LL OHSR എന്നിവയുടെ നിർമ്മാണം. | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 22 | പോത്തുകല്ല് | ജൽ ജീവൻ മിഷൻ - മിനി ജലവിതരണ പദ്ധതി - മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 12 ൽ ഉപ്പട ഗ്രാമ പ്രദേശത്തെ പട്ടികവർഗ കുടുംബങ്ങൾക്കുള്ള പുനരധിവാസ കോളനി | പൂർത്തീകരിച്ചു. |
| 23 | പോത്തുകല്ല് | മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ: 01ൽ കവളപ്പാറ പ്രദേശത്തേക്ക് ജൽ ജീവൻ മിഷൻ - മിനി ജലവിതരണ പദ്ധതി. | പൂർത്തീകരിച്ചു. |
| 24 | പോത്തുകല്ല് | മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 02 ലെ ജലവിതരണ പദ്ധതി ഗുണനിലവാര ബാധിത പ്രദേശം - ഇൻടേക്ക് വെൽ ലാൻഡ് പ്രൊട്ടക്ഷൻ പ്രവൃത്തി: പൊതു സിവിൽ പ്രവൃത്തികൾ | പൂർത്തീകരിച്ചു. |
| 25 | പോത്തുകല്ല് | ഗുണനിലവാരം ബാധിച്ച വാസസ്ഥലം- പോത്തുകല്ല് പഞ്ചായത്തിലെ വാർഡ് 2 ൽ എഫ്എച്ച്ടിസി നൽകുന്ന ജെജെഎം | പൂർത്തീകരിച്ചു. |
| 26 | വഴിക്കടവ് | ജൽ ജീവൻ മിഷൻ- ഒന്നാം ഘട്ടം - വഴിക്കടവ് ഗ്രാമപഞ്ചായത്ത്-മലപ്പുറം ജില്ലയ്ക്കായി ARWSS മുതൽ എടക്കര വരെ FHTC-കൾ നൽകുന്നു. | പൂർത്തീകരിച്ചു. |
| 27 | വഴിക്കടവ് | വഴിക്കടവ് പഞ്ചായത്തിലെ കെട്ടുങ്ങൽ പ്രദേശം | പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 28 | വഴിക്കടവ് | വഴിക്കടവിൽ ഏഴാം വാർഡിൽ ജെജെഎം– മിനി ഡബ്ല്യൂഎസ്എസ് മുതൽ നരുകുംപൊട്ടി– മണൽപാടം. | പൂർത്തീകരിച്ചു. |
| 29 | വഴിക്കടവ് | പാക്കേജ്-1D – വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ വിതരണ വലയുടെ പ്രവർത്തനങ്ങൾ | 80 % പൂർത്തിയായി |
| 30 | വഴിക്കടവ് | വഴിക്കടവ് ജിപിക്കായി വഴിക്കടവിൽ 31 എൽഎൽ ഒഎച്ച്എസ്ആറിന്റെ നിർമ്മാണവും എടക്കര ഗ്രാവിറ്റി മെയിൻ ഡൈവേർഷൻ പോയിന്റിൽ നിന്ന് ഈ ഒഎച്ച്എസ്ആറിലേക്കുള്ള ഗ്രാവിറ്റി മെയിൻ നിർമ്മാണവും. | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 31 | വഴിക്കടവ് | പാക്കേജ്-1 ഇ– എടക്കര, വഴിക്കടവ് ജിപികളിൽ ബാലൻസ് എഫ്എച്ച്ടിസികൾ നൽകുന്നു. | പൂർത്തീകരിച്ചു. |
| 32 | വഴിക്കടവ് | നിലവിലുള്ള കിണർ, പമ്പ് ഹൗസ് എന്നിവയുടെ പുനരുദ്ധാരണം, അസംസ്കൃത ജല പമ്പിംഗ് മെയിനിന്റെ നിർമ്മാണം, | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 33 | വഴിക്കടവ് | കുറത്തിമല ടോപ്പിലെ 9LL GLSR ന്റെയും WTP യിൽ നിന്ന് ഈ GLSR ലേക്കുള്ള CW പമ്പിംഗ് മെയിനിന്റെയും രൂപകൽപ്പനയും നിർമ്മാണവും. | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 34 | വഴിക്കടവ് | അസംസ്കൃത ജല പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവയുടെ വിതരണം, ഉദ്ധാരണം, പരിശോധന, കമ്മീഷൻ ചെയ്യൽ. | 1 % പൂർത്തിയായി |
| 35 | വഴിക്കടവ് | കല്ലായിപ്പാറ അടിയിൽ 3 LL GL സംപ് കം പമ്പ് ഹൗസ്, കല്ലായിപ്പാറ ടോപ്പിൽ 2 LL GL ടാങ്ക്, 150 MM DI K9 CWPM എന്നിവയുടെ രൂപകൽപ്പനയും നിർമ്മാണവും, കല്ലായിപ്പാറ പ്രദേശത്തെ വിതരണം (ഹൈലെവൽ സോൺ), കോമ്പൗണ്ട് മതിൽ, എൽഎസ്ജിഡി റോഡ് പുനരുദ്ധാരണം. | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 36 | വഴിക്കടവ് | പാക്കേജ്-1F-പോത്തുകൽ ജിപിയിൽ ആവശ്യമായ അധിക എഫ്എച്ച്ടിസികൾ. | 80 % പൂർത്തിയായി |
| 37 | വഴിക്കടവ് | എൽഎസ്ജിഡി ബിടി & കോൺക്രീറ്റ് റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ | പ്രവൃത്തി ആരംഭിച്ചു (1 %) |
| 38 | വഴിക്കടവ് | പത്താർ അടിയിൽ 3.5 എൽഎൽ സംപ്, മുട്ടിപ്പാലം അടിയിൽ 3.5 എൽഎൽ ജിഎൽഎസ്ആർ, മുട്ടിപ്പാലം ടോപ്പിൽ (മലംകുണ്ട്) 2 എൽഎൽ ജിഎൽഎസ്ആർ, ഇരുൾക്കുന്ന് അടിയിൽ 1 എൽഎൽ ജിഎൽഎസ്ആർ, ഇരുൾക്കുന്ന് ടോപ്പിൽ 1 എൽഎൽ ഒഎച്ച്എസ്ആർ, അമ്പലക്കുന്ന് അടിയിൽ 0.50 എൽഎൽ ജിഎൽഎസ്ആർ, അമ്പലക്കുന്ന് ടോപ്പിൽ 0.50 എൽഎൽ ഒഎച്ച്എസ്ആർ എന്നിവയുടെ രൂപകൽപ്പനയും നിർമ്മാണവും. | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| 39 | വഴിക്കടവ് | വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ കെട്ടുങ്കൽ പ്രദേശത്തെ ജിഎൽ സംപ് (1 എൽഎൽ) കം പമ്പ് ഹൗസ്, ഒഎച്ച്എസ്ആർ (1 എൽഎൽ), പമ്പിംഗ് മെയിൻ, അനുയോജ്യമായ പമ്പ് സെറ്റുകൾ, വിതരണം എന്നിവയുടെ രൂപകൽപ്പനയും നിർമ്മാണവും. | ടെൻഡർ സ്റ്റേജ് |
| 40 | വഴിക്കടവ് | മിനി ജലവിതരണ പദ്ധതി-മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ (വാർഡ് നമ്പർ:01) കുമ്പളപ്പാറ, തരിപ്പപ്പൊറ്റി, വാണിയംപുഴ, കുണ്ടത്തോട് പ്രദേശങ്ങളിലെ പട്ടികവർഗ കുടുംബങ്ങൾക്കായുള്ള പുനരധിവാസം/നിലവിലുള്ള കോളനികൾ.-പൊതു സിവിൽ വർക്ക് | 50 % പൂർത്തിയായി |
| 41 | വഴിക്കടവ് | മിനി വാട്ടർ സപ്ലൈ സ്കീം – പിവിടിജി കോളനികൾ – മലപ്പുറം ജില്ലയിലെ ചേമ്പ്ര, കുനിപ്പാല, എട്ടപ്പാറ & പുഞ്ചക്കൊല്ലി. | 37 % പൂർത്തിയായി |

**<u>അനുബന്ധം 2</u>**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | ഭരണാനുമതി നൽകിയ കണക്ഷൻ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിലെ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|
| അമരമ്പലം | 8584 | 7452 | 1132 | 2083 | 3215 | 5369 |
| ചുങ്കത്തറ | 8498 | 6399 | 2099 | 560 | 2659 | 5839 |
| എടക്കര | 7069 | 5895 | 1174 | 515 | 1689 | 5380 |
| കരുളായി | 5810 | 5175 | 635 | 0 | 635 | 5175 |
| മൂത്തേടം | 5693 | 4503 | 2393 | 0 | 2393 | 3300 |
| പോത്തുകല്ല് | 6804 | 3208 | 3986 | 473 | 4459 | 2345 |
| വഴിക്കടവ് | 10347 | 6047 | 3191 | 467 | 3658 | 6689 |
| **ആകെ** | **52805** | **38679** | **14610** | **4098** | **18708** | **34097** |